# KOLO SURYOYO

**വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്**

പുസ്തകം –2 ലക്കം –8 സെപ്തംബർ – 2009 Web: www.syrianchurch.org/Kolo Suriyoyo.htm


# എട്ടുനോമ്പ് പെരുന്നാൾ കൊടിയേറി



*മണർകാട് പള്ളി എട്ടുനോമ്പ് പെരുന്നാളിന് തുടക്കം കുറിച്ചുകൊണ്ട് കൊടിമരം ഉയർത്തുന്നു*

മണർകാട്: ആഗോള മരിയൻ തീർത്ഥാടന കേന്ദ്രമായ വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ വിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനോടനുബന്ധിച്ചുള്ള എട്ടുനോമ്പ് പെരുന്നാളിന് കൊടിയേറി. വാദ്യമേളങ്ങളുടെ അകമ്പടിയോടെ മണർകാട് കവലയ്ക്ക് സമീപമുള്ള കാണക്കാലിൽ ശ്രീ മാണിയുടെ ഭവനത്തിൽനിന്ന് കൊണ്ടുവന്ന കൊടിമരം പള്ളിക്കു മുന്നിലെത്തിച്ച ശേഷം പ്രാർത്ഥന നടത്തി. തുടർന്ന് ഭക്തിനിർഭരമായ ചടങ്ങുകളോടെ കൊടിമരം ഉയർത്തി.

വികാരി വെരി. റവ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പ ഇട്ട്യാടത്ത്, സഹവികാരിമാരായ വെരി. റവ. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പ കരിമ്പനത്തറ, വെരി. റവ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പ കിഴക്കേടത്ത്, ബഹുമാന്യരായ ഫാ. കുര്യാക്കോസ് ഏബ്രഹാം കറുകയിൽ, ഫാ. കുര്യാക്കോസ് കാലായിൽ, ഫാ. മാത്യൂസ് വടക്കേടത്ത്, ഫാ. മാത്യു മണവത്ത്, ഫാ. ആൻഡ്രൂസ് ചിരവത്തറ, ഫാ. എം. ഐ. തോമസ് മറ്റത്തിൽ, ട്രസ്റ്റിമാരായ പി. വി. മാത്യു പറപ്പള്ളിൽ, ജോർജ് വർഗീസ് ചിറയ്ക്കാട്ട്, ബിനോ ടി. ചെറിയാൻ താഴത്തേടത്ത്, സെക്രട്ടറി തോമസ് ഉമ്മൻ പള്ളത്തറ എന്നിവർ നേതൃത്വം നൽകി.

നോമ്പാചരണത്തിന് എത്തിയ തീർത്ഥാടക സമൂഹം ചടങ്ങുകളിൽ പങ്കെടുത്തു. സെപ്തംബർ 1-ാം തീയതി കരോട്ടെ പള്ളിയിൽ വി. കുർബാനയ്ക്ക് ഇടുക്കി ഭദ്രാസനാധിപൻ അഭിവന്ദ്യ കുര്യാക്കോസ് മോർ ക്ലീമിസ് മെത്രാപ്പോലീത്ത മുഖ്യ കാർമികത്വം വഹിച്ചു. താഴത്തെ പള്ളിയിൽ ഇടവകമെത്രാപ്പോലീത്ത അഭി. തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് വിശുദ്ധ കുർബ്ബാനയ്ക്ക് പ്രധാന കാർമ്മികത്വം വഹിച്ചു. തുടർന്നുള്ള പതിനൊന്ന് മണിക്ക് അഭിവന്ദ്യ കുര്യാക്കോസ് മോർ ക്ലീമിസ് തിരുമനസ്സുകൊണ്ട് ധ്യാനപ്രസംഗം നടത്തി.




# പള്ളിസ്ഥാപനവും എട്ടുനോമ്പ് പെരുനാളും

കേരളത്തിന്റെ തലസ്ഥാനമായിരുന്ന മഹാദേവർ പട്ടണത്തിൽ (ഇന്നത്തെ കൊടുങ്ങല്ലൂർ) വലരെയധികം നസ്രാണികൾ പാർത്തിരുന്നു. യഹൂദന്മാർക്കും മുസ്ലീംങ്ങൾക്കുമിടയിൽ വ്യാപാരകുത്തകയെ സംബന്ധിച്ചുണ്ടായ മത്സരങ്ങളിൽ മഹാദേവർ പട്ടണം അഗ്നിക്ക് ഇരയാകുകയും നസ്രാണികൾ വ്യാപാര സൗകര്യത്തെകരുതി നദീമുഖങ്ങളോട് അടുത്ത സ്ഥലങ്ങളിലേയ്ക്ക് കുടിയേറിപാർക്കുകയും ചെയ്തു. കുടിയേറ്റക്കാരിൽ ഒരു വിഭാഗം തിരുവഞ്ചൂർ, മണർകാട്, മാലം, കുഴിപ്പുരയിടം, വെള്ളൂർ, പാമ്പാടി, തോട്ടയ്ക്കാട്, മീനടം, പുതുപ്പള്ളി, വാഴൂർ, അമയന്നൂർ മുതലായ കരകളിൽ താമസമാക്കുകയും കൃഷി, വ്യാപാരം മുതലായ തൊഴിലുകളിൽ ഏർപ്പെടുകയും ചെയ്തു.

ചേരമാൻ പെരുമാളിന്റെ നാട്ടുരാജ്യങ്ങളിൽ ഒന്നായിരുന്ന തെക്കുംകൂറിൽ മണർകാട് പ്രദേശവും ഉൾപ്പെട്ടിരുന്നു. തെക്കുംകൂറിന്റെ തലസ്ഥാനങ്ങളിൽ ഒന്ന് ചങ്ങനാശ്ശേരിയും മറ്റേത് കോട്ടയവും ആയിരുന്നു. തെക്കുംകൂറിന്റെ വിവിധ ശാഖകളിൽ ഒന്നായിരുന്ന ഇടത്തിൽ തമ്പുരാക്കന്മാർ ആണ് മണർകാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഭരണം നടത്തിയിരുന്നത്. ഇഞ്ചയും ചൂരലും കുറുമുള്ളും പിടിച്ച് കാടായികിടന്നിരുന്ന ഈ പ്രദേശം ഹിംസ്ര ജന്തുക്കളുടെ അധിവാസകേന്ദ്രമായിരുന്നു.

കുടിയേറ്റക്കാരിൽ ഏതാണ്ട് പന്ത്രണ്ടോളം ക്രിസ്ത്യാനി കുടുംബങ്ങൾ ഉണ്ടായിരുന്നു. കുടിയേറ്റ ക്രിസ്ത്യാനികൾക്ക് ആരാധനയിൽ സംബന്ധിക്കുന്നതിനും വി. കൂദാശകൾ അനുഷ്ഠിക്കുന്നതിനും ഒരു ദേവാലയം ഉണ്ടാകണമെന്ന ആഗ്രഹത്തോടെ പിതാക്കന്മാർ ഒന്നിച്ചുകൂടി പ്രാർത്ഥനയിലും ഉപവാസത്തിലും കഴിച്ചുകൂട്ടുകയും തുടർച്ചയായി ഇങ്ങനെ ഏഴു ദിവസം ആചരിച്ചപ്പോൾ അവർക്ക് ഓരോരുത്തർക്കും ഇത് സംബന്ധിച്ച് ദർശനം ഉണ്ടാവുകയും ചെയ്തു. മാനും മീനും എയ്യാവുന്നതും ഇഞ്ചയും ചൂരലും പടർന്ന് കിടക്കുന്നതുമായ കാട്ടിൽ വെളുത്ത പശുവും കിടാവും കിടക്കുന്നത് കാണുന്ന സ്ഥലത്ത് ദേവാലയം പണിയുക ഇതായിരുന്നു ദർശനം. തങ്ങൾക്ക് എല്ലാവർക്കും ഒരേ ദർശനമുണ്ടായി എന്നത് അവരെ അത്ഭുതപ്പെടുത്തി. ദർശനത്തിൽ കണ്ട പശുവിനെയും കിടാവിനെയും അന്വേഷിച്ച് ഇറങ്ങിയ പിതാക്കന്മാർ ഇപ്പോഴത്തെ പള്ളിയുടെ സ്ഥാനത്ത് പശുവിനെയും കിടാവിനെയും കണ്ടെത്തി.

ദർശനത്തിന്റെ പൊരുൾ മനസ്സിലാക്കിയ പിതാക്കന്മാർ പശുവിനെയും കിടാവിനെയും കണ്ട സ്ഥലത്ത് വി. ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും നാമത്തിൽ ദൈവാലയം സ്ഥാപിക്കുകയും അതേതുടർന്ന് എല്ലാ വർഷവും വി. ദൈവമാതാവിന്റെ നാമത്തിൽ എട്ടുദിവസം നീണ്ടുനിൽക്കുന്ന എട്ടുനോമ്പ് ആചരിച്ചുവരികയും ചെയ്യുന്നു. അനുഗൃഹീതമായ എട്ടുനോമ്പ് ആചരണത്തിന്റെ ഉത്ഭവം മണർകാട് പള്ളിയിൽ നിന്നുമാണ്. പിതാക്കന്മാർക്ക് ലഭിച്ച ദർശനത്തിന്റെ ഓർമ്മ നിലനിർത്തിക്കൊണ്ട് എല്ലാ വർഷവും സെപ്തംബർ ഏഴാം തീയതി ദൈവമാതാവിന്റെയും ഉണ്ണിയേശുവിന്റെയും ഛായാചിത്രം പൊതുദർശനത്തിനായി തുറന്നുകൊടുക്കുന്ന നടതുറക്കൽ ചടങ്ങ് ഈ ദേവാലയത്തിന്റെ മാത്രം പ്രത്യേകതയാണ്.

ആദിമകാലത്ത് കിഴക്ക് വാഴൂർ മുതൽ പടിഞ്ഞാറ് നട്ടാശ്ശേരി വരെയും വടക്ക് പുന്നത്തുറ മുതൽ തെക്ക് നാലുന്നാക്കൽ വരെയും ഉള്ള സുറിയാനിക്കാരുടെ ആത്മീയ കാര്യങ്ങൾ നിർവ്വഹിക്കപ്പെട്ടിരുന്നത് മണർകാട് പള്ളിയിൽ നിന്നുമായിരുന്നു.

പരിശുദ്ധ അമ്മയുടെ അനുഗ്രഹം തേടി നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ, ഭക്തജനങ്ങൾ ഈ ദേവാലയത്തിൽ എട്ടുനോമ്പിനെത്തിയിരുന്നു. ഫാ. ബർണാഡിന്റെ മാർത്തോമ്മാ ക്രിസ്ത്യാനികൾ, ഇ.എം. ഫിലിപ്പിന്റെ മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ, ഹെർമൻ ഗുണ്ടർട്ടിന്റെ കേരളപ്പഴമ എന്നീ ഗ്രന്ഥങ്ങളിലും ട്രാവൻകൂർ സ്റ്റേറ്റ് മാനുവലിലും ഇതു സംബന്ധിച്ചു പരാമർശങ്ങളുണ്ട്.

1836 സെപ്തംബറിൽ എട്ടുനോമ്പ് കാലത്ത് നവീകരണ ലക്ഷ്യങ്ങളോടെ മണർകാട് പള്ളിയിലെത്തിയ ജോസഫ് പീറ്റ് എന്ന ആംഗ്ലിക്കൻ മിഷണറി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

മണർകാട് പള്ളിയിൽ കന്യകമറിയാമിന്റെ പുകഴ്ചയ്ക്കുവേണ്ടി നോൽക്കുന്ന ഒരു പ്രത്യേക നോമ്പ് ഉണ്ടെന്നറിഞ്ഞാണ് ഞാൻ അവിടെ എത്തിയത്. ഇതിൽനിന്നും അവരെ പിന്തിരിപ്പിക്കുന്നതിനു വേണ്ടി ഞാൻ മണർകാട് പള്ളിയിൽ എത്തിയപ്പോൾ ദേവാലയത്തിനകത്തും പുറത്തുമായി രണ്ടായിരത്തിലധികം ആളുകൾ സമ്മേളിച്ചിരുന്നു. ആളുകൾ പള്ളിയിൽ താമസിക്കുകയും ചില പ്രത്യേക ഭക്ഷണങ്ങൾ വർജ്ജിക്കുകയും തങ്ങളെത്തന്നെ ശുദ്ധീകരിക്കുന്നതിന് എല്ലാദിവസവും സ്നാനം ചെയ്യുകയുമെന്നത് ആചാരമാണ്. കന്യകമറിയത്തിന്റെ ഒരു രൂപം അവിടെ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. അവിടം അതിവിശുദ്ധ സ്ഥലമായി കരുതപ്പെട്ടു. ഇതിനെതിരേ പ്രസംഗിക്കാൻ എഴുന്നേറ്റപ്പോൾ എന്റെ ശബ്ദത്തിനു മീതെ കന്യകമറിയത്തിനോടുള്ള അപേക്ഷകൾ അവർ ഉച്ചത്തിൽ ചൊല്ലുവാൻ തുടങ്ങി. സി.എം.എസ്. പ്രൊസീഡിംഗ്സിൽ നിന്ന് വെരി. റവ. ഡോ. കുര്യൻ കോർഎപ്പിസ്കോപ്പായുടെ The Syrian Orthodox Church in India and its Apostolic Faith (P-131) എന്ന ഗ്രന്ഥത്തിൽ പ്രസ്തുത സംഭവം ഉദ്ധരിച്ചിട്ടുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പ് ഇവിടെ നിലനിന്ന എട്ടുനോമ്പാചരണത്തിന്റെ സജീവചിത്രമാണിത്.

കൂടാതെ വാർഡ്, കോണർ എന്നിവരുടെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സർവ്വേ സംഘം തയ്യാറാക്കിയ റിപ്പോർട്ടിലും വലിയ ജനാവലിയെ ആകർഷിക്കുന്ന പ്രശസ്തമായ പള്ളിയായിട്ടാണ് മണർകാട് പള്ളിയെപ്പറ്റി രേഖപ്പെടുത്തിയിട്ടുള്ളത്.

## ചരിത്രത്തിൽ നിന്ന്

മലങ്കരയിലെ അതിപുരാതനമായ ദേവാലയങ്ങളിൽ അഗ്രിമസ്ഥാനമുള്ള മണർകാട് പള്ളി ആയിരത്തിൽപരം വർഷങ്ങൾക്കു മുമ്പ് സ്ഥാപിക്കപ്പെട്ടു എന്നതിന് ഹൈക്കലായിൽ കാണപ്പെടുന്ന ശിലാലിഖിതങ്ങൾ തെളിവാണ്. പുരാതന ലിപിയായ നാനം മോനം (വട്ടെഴുത്ത്) സമ്പ്രദായത്തിൽ എഴുതിയിട്ടുള്ള ഈ ശിലാലിഖിതങ്ങൾ എ.ഡി. 910 ലും 920 ഉം ദേവാലയത്തിനുള്ളിൽ ഓരോ കബറിടങ്ങളിൽ സ്ഥാപിക്കപ്പെട്ട സ്മാരകഫലകങ്ങളാണെന്ന് പുരാവസ്തു ഗവേഷകർ കണ്ടെത്തുകയുണ്ടായി.

ആദ്യം മുളയിലും പനമ്പിലുമായി തീർത്ത ദേവാലയം പിന്നീട് പല കാലഘട്ടങ്ങളിൽ പുനരുദ്ധരിക്കുകയും പുതുക്കിപ്പണിയുകയും ചെയ്തിട്ടുണ്ട്. 18-ാം ശതകത്തിൽ പോർച്ചുഗീസ് രീതിയിൽ പൊളിച്ചു പണിതു. ഇപ്പോൾ കാണുന്ന ദേവാലയത്തിന്റെ പണി പൂർത്തീകരിച്ചത് 1954 ൽ ആണ്.

വളരെ പഴക്കമുള്ള രണ്ട് വാളുകൾ ഇപ്പോഴും പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഈ വാളുകൾ, പള്ളിയുടെ സംരക്ഷണത്തിനായി രാജകൊട്ടാരത്തിൽ നിന്നും നേരിട്ട് ഭരമേൽപ്പിച്ചിട്ടുള്ളവയാണെന്ന് പറയപ്പെടുന്നു.

## വി. സൂനോറോ

ഇഹലോകവാസം വെടിഞ്ഞ വി. ദൈവമാതാവിന്റെ ഭൗതിക ശരീരം ഗത്സിമോനിൽ അടക്കം ചെയ്തു. കബറടക്കപ്പെട്ട് മൂന്നാം ദിവസം പുത്രനായ യേശുതമ്പുരാൻ സ്വർഗ്ഗീയ സൈന്യങ്ങളെ അയച്ച് തന്റെ മാതാവിന്റെ വിശുദ്ധശരീരം സ്വർഗ്ഗത്തിലേക്ക് എടുപ്പിച്ചു. അത്ഭുതകരമായ ഈ കാഴ്ച ഓയാറിൽവച്ച് കാണുവാനിടയായ മോർ തോമാശ്ലീഹാ മറ്റ് ശിഷ്യന്മാരും ഈ സംഭവം വിശ്വസിക്കാൻ തക്കവണ്ണം അടയാളം തരുവാൻ അപേക്ഷിക്കുകയും, വി. ദൈവമാതാവിന്റെ സൂനോറോ (അരക്കച്ച) വി. ദൈവമാതാവിന്റെ വാങ്ങിപ്പിന്റെ അടയാളമായി മോർ തോമ്മാശ്ലീഹയ്ക്ക് ലഭിക്കുകയും ചെയ്തു.

മറ്റ് ശിഷ്യന്മാരെ കാണിച്ച ശേഷം സൂനോറോയുമായി ഇൻഡ്യയിൽ എത്തിയ മോർ തോമാശ്ലീഹാ കൊല്ലപ്പെടുകയും മൈലാപ്പൂരിൽ അടക്കപ്പെടുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ ഉറഹായിലേയ്ക്ക് കൊണ്ടുപോയി. ആ കൂട്ടത്തിൽ വി. സൂനോറോയും ഉണ്ടായിരുന്നു. 1852 ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് ആയിരുന്ന പരിശുദ്ധ അപ്രേം ബാവാ തിരുമനസ്സുകൊണ്ട് പുരാതന രേഖകൾ പരിശോധിച്ചപ്പോൾ വി. സൂനോറോയെകുറിച്ചുള്ള വിവരങ്ങൾ ലഭിക്കുകയും പരിശുദ്ധ ബാവായുടെ കല്പന പ്രകാരം ഹോംസിലെ ദൈവാലയത്തിന്റെ ത്രോണോസ് പൊളിക്കുകയും അതിൽ ഒരു ശിലാപേടകത്തിൽ സൂക്ഷിച്ചിരുന്ന വി. സൂനോറോ കണ്ടെത്തുകയും ചെയ്തു. 1982 ൽ പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ മലങ്കരയിലെ ശ്ലൈഹിക സന്ദർശന വേളയിൽ ഫെബ്രുവരി മാസം 26-ാം തീയതി വി. സൂനോറോയുടെ ഒരംശം ഈ വി. ദേവാലയത്തിൽ സ്ഥാപിക്കുകയും സൂനോറോ പള്ളി എന്ന ബഹുമതി നൽകുകയും ചെയ്തു. അന്നുമുതൽ ഫെബ്രുവരി മാസം 26-ാം തീയതി സൂനോറോ പെരുന്നാളായി ആചരിച്ചു വരുന്നു.

## മൂറോൻ കൂദാശ

1982 ഫെബ്രുവരി 27-ാം തീയതി അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ വാണരുളുന്ന ആകമാന സുറിയാനി സഭയുടെ തലവൻ മോറാൻമോർ ഇഗ്നാത്തിയോസ് സാഖാ ഐവാസ് പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട്, ശ്രേഷ്ഠ കാതോലിക്കാബാവാ ആബൂൻ മോർ ബസേലിയോസ് പൗലൂസ് ദ്വിതീയൻ ബാവായുടെ സഹകരണത്തിലും മലങ്കരയിലേയും ആകമാന സുറിയാനിസഭയിലെയും മെത്രാപ്പോലീത്തന്മാരുടെ സാന്നിദ്ധ്യത്തിലും ഈ പള്ളിയിൽ വി. മൂറോൻ കൂദാശ നിർവ്വഹിച്ചു. പരിശുദ്ധ പാത്രിയർക്കീസ് ബാവാ മുളന്തുരുത്തിയിൽ വി. മൂറോൻ കൂദാശ നിർവ്വഹിച്ചതിനു ശേഷം മലങ്കരയിൽ ആ ഭാഗ്യം കൈവന്ന രണ്ടാമത്തെ ദേവാലയമാണ് മണർകാട് പള്ളി.

## കൽക്കുരിശ്

കൽക്കുരിശിന്റെ സ്ഥാപനത്തെ സംബന്ധിച്ച് നിലവിലുള്ള ഐതീഹ്യം ഇങ്ങനെയാണ് പള്ളിയുടെ പടിഞ്ഞാറുവശത്തായി കാണപ്പെടുന്ന കൽക്കുരിശിന് കാണുന്ന അത്രയും നീളം താഴേക്കുമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു.

ഇത്രവലിയ കൽക്കുരിശ് ഉയർത്തുന്നതിന് ആനയുടെ സഹായം ആവശ്യമായിരുന്നു. ആറു കിലോമീറ്റർ അകലെ പുതുപ്പള്ളിയിൽ മാത്രമാണ് ആനയുണ്ടായിരുന്നത്. ആനയുടെ ഉടമക്ക് ഈ വലിയ കൽക്കുരിശ് ആനയെക്കൊണ്ട് ഉയർത്തിക്കുന്നതിൽ ഇഷ്ടമില്ലാത്തതിനാൽ ആനയെ തണുപ്പുകൊടുത്ത് നിർത്തിയിരിക്കുന്നു എന്ന് കളവു പറഞ്ഞ് രക്ഷനേടി. നിരാശരായി മടങ്ങിയെത്തിയ പിതാക്കന്മാർ കണ്ട കാഴ്ച അത്ഭുതകരമായിരുന്നു. കുരിശ് സ്ഥാപിക്കുവാൻ വേണ്ടി നിർമ്മിച്ച കുഴിയിൽ കുരിശുനിവർന്നു നിൽക്കുന്നതും തങ്ങൾ അന്വേഷിച്ചുപോയ ആന കുരിശിനു ചുവട്ടിൽ കൊമ്പുകുത്തി നിൽക്കുന്നതും കണ്ട് എല്ലാവരും ആശ്ചര്യപ്പെട്ടു. ചങ്ങലപൊട്ടിച്ച് ഓടിവന്ന ആനയെ ഉടമ എത്തി തിരികെ കൊണ്ടുപോയി എന്നാണ് ഐതീഹ്യം.

ഈ കുരിശിന്റെ ചുവട്ടിൽ ഭക്തജനങ്ങൾ ചുറ്റുവിളക്ക് കത്തിക്കുന്നത് ഇവിടെ ഒരു പ്രത്യേക വഴിപാടാണ്. പള്ളിയിൽ വരുന്നവർ കുളത്തിൽ മുങ്ങി ഈറനോടെ കുരിശിനുചുറ്റും മുട്ടിന്മേൽ നീന്തൽ, ഉരുളു നേർച്ച എന്നിവ നടത്താറുണ്ട്. മാനസിക രോഗമുൾപ്പെടെ തീരാരോഗങ്ങൾ ബാധിച്ചവർ കത്തിച്ച മെഴുകുതിരികളുമായി കൽക്കുരിശിന്റെ ചുവട്ടിൽ നിന്ന് പരിശുദ്ധ മാതാവിനോട് മദ്ധ്യസ്ഥത യാചിക്കുകയും പൂർണ്ണസുഖം പ്രാപിച്ച് സന്തോഷത്തോടെ മടങ്ങിപ്പോകുകയും ചെയ്യുന്ന കാഴ്ച സാധാരണമാണ്.

## യൂത്ത് അസോസിയേഷന്റെ കൈവശമുള്ള അനുഭവ സാക്ഷ്യങ്ങൾ രേഖപ്പെടുത്തുന്ന പുസ്തകത്തിലെ ചില കുറിപ്പുകൾ


5/8/09
Wednesday


109

# പ്രധാന നേർച്ചകൾ, വഴിപാടുകൾ

1. **വി. കുർബാന** (ഒറ്റകുർബാന, മൂന്നിന്മേൽ കുർബാന, അഞ്ചിന്മേൽ കുർബാന, ഓർമ്മ കുർബാന)
2. വി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന
3. കുട്ടികളെ അടിമ വയ്ക്കൽ
4. പിടിപ്പണം
5. ഉരുളുനേർച്ച (ശയനപ്രദക്ഷിണം)
6. കൽക്കുരിശിനും പള്ളിക്കും ചുറ്റും മുട്ടിന്മേൽ നീന്തൽ
7. മുത്തുക്കുട, കൊടി നേർച്ച
8. സ്വർണ്ണം, വെള്ളി കുരിശുകൾ നേർച്ച
9. എണ്ണ, മെഴുകുതിരി നേർച്ച
10. ചുറ്റുവിളക്ക്
11. പാച്ചോർ നേർച്ച

### നേർച്ചവിളമ്പ്

സെപ്റ്റംബർ 8-ാം തീയതി പകൽ 2 മണിക്ക് നടത്തപ്പെടുന്ന പ്രദക്ഷിണവും ആശീർവാദവും കഴിഞ്ഞ് പാച്ചോർ നേർച്ചവിളമ്പ് നടത്തപ്പെടുന്നു. കഴിഞ്ഞ വർഷം 1001 പറ അരിയുടെ പാച്ചോറാണ് വച്ചത്. എല്ലാ ജനങ്ങൾക്കും നേർച്ച ലഭിക്കുവാനുള്ള സംവിധാനം പള്ളിക്കാര്യത്തിൽ നിന്നു ചെയ്യുന്നു. നേർച്ച വിളമ്പോടെ പെരുന്നാൾ പരിപാടികൾ സമാപിക്കുന്നു.

എട്ടുനോമ്പാചരണത്തിലും മറ്റു പെരുന്നാൾ പരിപാടികളിലും ആദ്ധ്യാത്മിക ചൈതന്യം നിലനിർത്തുന്നതിനാവശ്യമായ ആത്മാർത്ഥമായ സഹകരണം ഭക്തജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്.

### വി. ഗീവർഗീസ് സഹാദയുടെ പെരുന്നാൾ

ആണ്ടും തോറും മെയ് 5, 6 തീയതികളിൽ വി.ഗീവർഗീസ് സഹാദായുടെ ഓർമ്മപ്പെരുന്നാൾ നടത്തിവരുന്നു. പെരുന്നാളിനോടനുബന്ധിച്ച് വെള്ളയപ്പം നേർച്ചയായി നൽകുന്നു.

### സൂനോറോ പെരുന്നാൾ

പരിശുദ്ധ പാത്രിയർക്കീസ് ബാവാ സൂനോറോ സ്ഥാപിച്ചതിന്റെ ഓർമ്മയ്ക്കായി എല്ലാ വർഷവും ഫെബ്രുവരി 26-ന് സൂനോറോപെരുന്നാൾ ആഘോഷിക്കുന്നു. അന്നേദിവസം സൂനോറോ പ്രദക്ഷിണത്തിന് പുറത്തെടുക്കുന്നതാണ്. നെയ്യപ്പം നേർച്ചയായി നൽകുന്നു.

# വിശുദ്ധ മാതാവിന്റെ സൂനോറോ

വി. മാതാവിന്റെ ഏക തിരുശേഷിപ്പു നമ്മുടെ കൈവശമത്രെ. സിറിയായിൽ ഹോംസിലെ നമ്മുടെ പരിശുദ്ധമായ സൂനോറോ പള്ളിയിൽ വി. മാതാവിന്റെ ഇടക്കെട്ട് സൂക്ഷിച്ചിരിക്കുന്നു.

ഈ പരിശുദ്ധമായ തിരുശേഷിപ്പ് കണ്ടെടുത്ത വിവരം 1953 ൽ തന്നെ ഇവിടെ മലങ്കരയിൽ പ്രസിദ്ധമായതാണ്. പുണ്യശ്ലോകനായ പ. ഇഗ്നാത്തിയോസ് അഫ്രേം പ്രഥമൻ പാത്രിയർക്കീസു ബാവ പുരാതനരേഖകൾ പരിശോധിച്ചുവരവേ, തുകലിൽ പൊതിഞ്ഞു സൂക്ഷിച്ചിരുന്ന എഴുത്തുകളുടെ ഒരു സഞ്ചയം കണ്ടെത്തി. ആ കൂട്ടത്തിൽ ഹോംസിലെ സഭാംഗങ്ങൾക്ക് മർദ്ദീനിലെ സഭാംഗങ്ങൾ എഴുതിയ ലേഖനത്തിന്റെ പകർപ്പു കണ്ടെത്തി. അതിൽ 1852 ൽ ഈ ഇടക്കെട്ട് കണ്ടെത്തിയെന്നും മദ്ബഹായിൽ ത്രോണോസിൽ അതു വീണ്ടും നിക്ഷേപിച്ചിട്ടുണ്ടെന്നും എഴുതിയിരുന്നു. ഇതനുസരിച്ച് പ. ബാവാ തിരുമനസ്സുകൊണ്ട് ത്രോണോസു പൊളിച്ചു. അപ്പോൾ അതാ ഒരു മാർബിൾ തളിരം. അതിൽ ഗർശീനിയിൽ ഇപ്രകാരം എഴുതിയിരുന്നു. ക്രി. 59ൽ മാലായ (ഈലിയാ) എന്ന സുവിശേഷകന്റെ കാലത്ത് ഈ പള്ളി പണിയപ്പെട്ടു. പിന്നീട് ഒരു കൽപാത്രവും അതിനുള്ളിൽ ഒരു വെള്ളി പാത്രവും അതിനുള്ളിൽ ഇടക്കെട്ടും കാണപ്പെട്ടു. ജാതിമതഭേദമെന്യേ ഹോംസു നിവാസികളും അനേകായിരങ്ങളും അവിടേക്കാകർഷിക്കപ്പെട്ടു. പുരാവസ്തു ഗവേഷകന്മാരായ വിവിധ മതസ്ഥരുടെ കൂലങ്കർഷമായ പരിശോധനയിൽ അതിന്റെ സത്യാവസ്ഥയും പൗരാണികത്വവും അവർക്കു ബോദ്ധ്യമായി. ഇപ്പോൾ അത് പള്ളിയകത്ത് പ്രത്യേക സ്ഥാനത്ത് വളരെ ബഹുമാനപൂർവ്വം സൂക്ഷിച്ചിരിക്കുന്നു. അനേകായിരങ്ങൾ സൂനോറോ മാതാവിന്റെ പള്ളിയിൽ തീർത്ഥാടകരായി വന്നുകൊണ്ടിരിക്കുന്നു.

വി. മാതാവ് 51-ാം വയസ്സിൽ യറുശലേമിൽ വച്ച് നിര്യാണം പ്രാപിച്ചുവെന്നും ശ്ലീഹന്മാർ അവരുടെ വേലസ്ഥലങ്ങളിൽനിന്നു മാതൃസവിധത്തിൽ അത്ഭുതകരമായി വന്നെത്തിയെന്നും, അവർ ബഹുമതിപൂർവ്വം ഗത്സമനതോട്ടത്തിൽ നമ്മുടെ കർത്താവ് പ്രാർത്ഥിച്ച സ്ഥലത്തോട് അധികം അകലെയല്ലാത്ത സ്ഥലത്ത് വി. മാതാവിനെ സംസ്കരിച്ചെന്നും അതിന്റെ മൂന്നാം ദിവസം അവളുടെ പുത്രന്റെ കല്പനപ്രകാരം മാലാഖമാരാൽ അവളുടെ ശരീരം ഉയരത്തിലേക്ക് എടുക്കപ്പെട്ടുവെന്നും, മോർ തോമ്മാശ്ലീഹാ ഇൻഡ്യയിൽ നിന്നും എത്തിയത് അപ്പോഴാണെന്നും, സങ്കടത്തോടെ അനുഗ്രഹത്തിനായി നിലവിളിച്ച മാർ തോമ്മായുടെ കൈയിൽ വി. മാതാവിന്റെ ഇടക്കെട്ടും മുഖശീലയും വന്നു പതിച്ചുവെന്നും, അദ്ദേഹം അതു മറ്റു ശ്ലീഹന്മാരെയും കാണിച്ചുവെന്നും, വി. മാതാവിന്റെ ഉന്നതത്തിലേക്കുള്ള വാങ്ങിപ്പിന്റെ പ്രത്യക്ഷ ലക്ഷ്യമായി അതു തീർത്തുവെന്നും, മോർ തോമാശ്ലീഹാ ആ ഇടക്കെട്ടുമായി വീണ്ടും ഇന്ത്യയിൽ പോയെന്നും, വളരെ അത്ഭുതങ്ങൾ പ്രവർത്തിച്ചുവെന്നും, കാലാന്തരത്തിൽ ഈ തിരുശേഷിപ്പ് ഉറഹായിലേക്കും, പിന്നീട് ഹോംസിലേക്കും മാറ്റപ്പെടുകയും ചെയ്തുവെന്നുമാണ് പാരമ്പര്യം.

വി. മാതാവിന്റെ ശരീരം ഉയരങ്ങളിലേക്ക് എടുക്കപ്പെട്ടു. ശ്ലീഹന്മാർ വി. ആത്മാവുമൂലം വിവിധ സ്ഥലങ്ങളിൽ നിന്നു വന്നുകൂടി. മുകളിൽ നിന്ന് ഇടക്കെട്ടു താഴോട്ടു വീണുകിട്ടി. ആ വി. വസ്തു മൂലം അത്ഭുതങ്ങൾ നടന്നു. എന്നീ പ്രസ്താവനകളെ പുച്ഛത്തോടെ വീക്ഷിക്കുന്ന ക്രിസ്ത്യാനികൾ ഉണ്ടായിരിക്കാം. അവർ വി. വേദപുസ്തകത്തെ ബഹുമാനിക്കുന്നവരെങ്കിൽ രണ്ടു വാക്ക്.

1. ഏലിയാ ദീർഘദർശിയെ ഉടലോടെ ഉയരത്തിലേക്കു എടുക്കാമെങ്കിൽ (2 രാജാ. 2:1) ദൈവപുത്രനെ പ്രസവിച്ചവളെ അങ്ങനെ എടുത്തുകൂടെയോ? 2. ഫീലിപ്പോസിനെ ആത്മാവ് എടുത്ത് ഒരു സ്ഥാനത്തുനിന്ന് മറ്റൊരു സ്ഥാനത്താക്കിയെങ്കിൽ (അപ്പോ. 8.39) ശ്ലീഹന്മാരെ ആത്മാവിന് അങ്ങനെ എത്തിച്ചുകൂടെ? 3. ഏലിയാ ദീർഘദർശിയുടെ പുറം കുപ്പായം ഉയരത്തിലേക്ക് പോയ ഏലിയാവിൽ നിന്നു ഏലിശായ്ക്കു താഴോട്ടു വീണു കിട്ടാമെങ്കിൽ ദൈവപുത്രന്റെ മാതാവിൽ നിന്ന് ദൈവപുത്രന്റെ ശിഷ്യന് ഇടക്കെട്ട് എന്തുകൊണ്ട് കിട്ടികൂടാ?4. ഏലിയാവിന്റെ പുറംകുപ്പായം കൊണ്ട് യോർദ്ദാനിലെ വെള്ളത്തെ വിഭാഗിക്കാമെങ്കിൽ പൗലോസിന്റെ ഉറുമാൽകൊണ്ട് രോഗസൗഖ്യം വരുത്തിയെങ്കിൽ ദൈവപുത്രന്റെ അമ്മയുടെ ദേഹത്തുപയോഗിച്ചിരുന്ന ഇടക്കെട്ടുകൊണ്ട് എന്തുകൊണ്ട് അത്ഭുതങ്ങൾ പ്രവർത്തിച്ചുകൂടാ?

പ ദൈവമാതാവിനോട് മദ്ധ്യസ്ഥതയ്ക്കായി നമുക്കപേക്ഷിക്കാം.

ശുദ്ധിമതിയേ ഞങ്ങൾക്കായുള്ളോർത്ഥന നീ മുടക്കരുതെ
തൃക്കരം ഞങ്ങളിലലിവാൻ നിൻ പുത്രനോടർത്ഥന ചെയ്യണമേ
ദൈവത്തിനു സ്തുതി.

# ദുഖ്റോനോ



**ശ്രേഷ്ഠ ബസേലിയോസ് പൗലൂസ് ദ്വിതിയൻ ബാവാ**
സെപ്തംബർ 1



**അഭിവന്ദ്യ ഏബ്രഹാം മോർ ക്ലീമീസ്**
സെപ്തംബർ 30

## യൂത്ത് അസോസിയേഷൻ ഗൈഡൻസ് സെന്റർ

എട്ടുനോമ്പ് പെരുന്നാളിനോട് അനുബന്ധിച്ച് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരാറുള്ള ഗൈഡൻസ് സെന്റർ പള്ളിയുടെ പടിഞ്ഞാറുവശത്തുള്ള കൽക്കുരിശിന് സമീപം യൂത്ത് അസോസിയേഷൻ ഓഫീസിൽ പ്രവർത്തനം ആരംഭിച്ചു.

മണർകാട് പള്ളി സംബന്ധിച്ചുള്ള ഭക്തജനങ്ങളുടെ സംശയങ്ങൾക്ക് നിവാരണം വരുത്തുവാനും അനുഭവ സാക്ഷ്യങ്ങൾ രേഖപ്പെടുത്തുവാനുമുള്ള അവസരം ഇവിടെ ലഭ്യമാണ്. കൂടാതെ ഒരു പ്രഥമ ശുശ്രൂഷാകേന്ദ്രവും യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. സഭയുടെ ആനുകാലിക വാർത്തകൾ പ്രസിദ്ധീകരിക്കുന്ന വിശ്വാസ സംരക്ഷകന്റെ വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർക്ക് ആയതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. പള്ളിയുടെ സംക്ഷിപ്ത വിവരണം ഇവിടെ നിന്നും ലഭ്യമാണ്. യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണമായ കോലോ സുറിയോയോയുടെ ഓഫീസും ഇതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു.

## റേഡിയോ മലങ്കര പ്രവർത്തനം ആരംഭിച്ചു



*റേഡിയോ മലങ്കരയുടെ ലൈവ് സ്റ്റുഡിയോ അഭിവന്ദ്യ മാത്യൂസ് മോർ ഇവാനിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് സന്ദർശിക്കുന്നു. റവ. ഫാ. മാത്യൂസ് വടക്കേടത്ത്, കൊലോ സുറിയോയോയുടെ എഡിറ്റോറിയൽ ബോർഡ് മെമ്പർ സന്തോഷ് കുട്ടി കണിയാംപറമ്പിൽ, നിബു എം. ജോൺ ചെന്നിത്തല തുടങ്ങിയവർ സമീപം*

ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് മണർകാട് കത്തീഡ്രൽ പള്ളിയിലെ വി. കുർബ്ബാന, ധ്യാനപ്രസംഗങ്ങൾ എന്നിവ എട്ടുനോമ്പ് ദിവസങ്ങളിൽ തൽസമയം കേൾക്കത്തക്കവിധത്തിൽ യാക്കോബായ സഭയുടെ ഇന്റർനെറ്റ് റേഡിയോയുടെ ലൈവ് സ്റ്റുഡിയോ (റേഡിയോ മലങ്കര) കത്തീഡ്രലിനോട് ചേർന്ന് പ്രവർത്തനം ആരംഭിച്ചു. ëwww.radiomalankara.comí എന്ന വെബ്സൈറ്റിൽനിന്നും 8 ദിവസങ്ങളിലും ആരാധനകൾ തൽസമയം ശ്രവിക്കാവുന്നതാണ്. റേഡിയോ മലങ്കരയുടെ മാനേജിംഗ് ഡയറക്ടർ നിബു എം. ജോൺ ചെന്നിത്തല, സൗദി അറേബ്യയിൽനിന്നും നേരിട്ടെത്തി സംപ്രേക്ഷണത്തിന് നേതൃത്വം നൽകുന്നു. വി. കുർബാനാനന്തരം അഭിവന്ദ്യ തിരുമേനിമാർ ലൈവ് സ്റ്റുഡിയോ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.






*ദീപാലംകൃതമായ മണർകാട് പള്ളിയുടെ വിവിധ ദൃശ്യങ്ങൾ*

# ജന്മദിനാശംസകൾ



മോർ ക്രിസോസ്റ്റമോസ് മാർക്കോസ്
സെപ്തംബർ 26



മോർ യൗസേബിയോസ്
കുര്യാക്കോസ്
സെപ്തംബർ 8



മണർകാട് പള്ളിയിലെ 16 സണ്ടേസ്കൂളുകളിലെയും അദ്ധ്യാപകരേയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് വടവാതൂർ സണ്ടേസ്കൂളിൽവച്ച് നടന്ന ബൈബിൾ ക്വിസ് പ്രോഗ്രാമിൽ മണർകാട് സെൻട്രൽ സണ്ടേസ്കൂളിലെ ബിനില കെ. കോര, സൂസന്ന തോമസ്, സന്തോഷ്കുട്ടി കണിയാംപറമ്പിൽ എന്നിവരടങ്ങിയ ടീം ഒന്നാം സ്ഥാനം നേടി.




## നിബു
**പുതുപറമ്പിൽ, മണർകാട്**
*Inserted by: Youth Association, Manarcad*

# വിവാഹിതരായി



മണർകാട് കാലായിൽ കെ. എം. മാത്യുവിന്റെയും സൂസമ്മ മാത്യുവിന്റെയും പുത്രൻ ഡിന്നിയും മണർകാട് പൈനുങ്കൽ പി. വി. ചാക്കോയുടെയും അന്നമ്മ ചാക്കോയുടെയും പുത്രി ബിനിയും തമ്മിലുള്ള വിവാഹം മണർകാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിൽവെച്ച് അഭിവന്ദ്യ പൗലൂസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

ഉപകാരസ്മരണ



വി. ദൈവമാതാവേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ
ഒരു വിശ്വാസി
മാണിക്കുന്നം (കോട്ടയം)

## യൂത്ത് അസോസിയേഷന്റെ കൈവശമുള്ള അനുഭവ സാക്ഷ്യങ്ങൾ രേഖപ്പെടുത്തുന്ന പുസ്തകത്തിലെ ചില കുറിപ്പുകൾ



1-9-97.

# ശ്രേഷ്ഠ ബാവാ മലങ്കരയുടെ പ്രകാശഗോപുരം

**ആബൂൻ**

മലങ്കര യാക്കോബായ സുറിയാനിസഭയുടെ നിർണായകകാലഘട്ടത്തിൽ, സഭാംഗങ്ങൾക്കെല്ലാം വഴികാട്ടിയ പ്രകാശഗോപുരമായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലൂസ് ദ്വിതീയൻ ബാവാ. മെത്രാപ്പോലീത്ത ആയും, സഭാദ്ധ്യക്ഷൻ എന്ന നിലയിലും യാക്കോബായ സഭയ്ക്കു ശ്രദ്ധേയമായ സംഭാവനകൾ നൽകിയ ശ്രേഷ്ഠ ബാവാ മറ്റു ക്രൈസ്തവ വിഭാഗങ്ങളുടെയും, അന്യമതസ്ഥരുടെയും സ്നേഹവും ആദരവും നേടിയിരുന്നു. ജനങ്ങൾക്കു ക്ഷേമവും ഐശ്വര്യവും ഉണ്ടാവണമെന്നതു തന്റെ ഏറ്റവും വലിയ പ്രാർത്ഥനയായി കരുതിയ ശ്രേഷ്ഠ ബാവാ എന്നും അശരണർക്ക് ആലംബമായിരുന്നു.

വൈദീക പാരമ്പര്യം കൊണ്ടു ധന്യമായ കുടുംബത്തിലാണ് ശ്രേഷ്ഠബാവായുടെ ജനനം. കോട്ടയം പഴയ സെമിനാരി, എം. ഡി. സെമിനാരി എന്നിവിടങ്ങളിൽ മൽപാനായിരുന്ന പിതാവു ചെറായി പുതുശ്ശേരി ജോസഫ് കശ്ശീശ മലങ്കര ഇടവക ദീപ്തിയുടെ പത്രാധിപരായിരുന്നു. ആരാധനാകാര്യങ്ങളിൽ പിതാവിനെ സഹായിക്കുന്നതിൽ തൽപരനായ പി. ജെ. പൗലോസ് സഭാസേവനം തന്നെ തെരഞ്ഞെടുത്തതു ദൈവനിയോഗമായി കരുതാം.

ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ സഹോദരൻ അയ്യപ്പന്റെ സാമൂഹിക പരിഷ്കരണാഹ്വാനം കേട്ടു ത്രസിച്ചു നിന്ന ചെറായിയിൽ ആയിരുന്നു സെക്കൻഡറി വിദ്യാഭ്യാസം. തുടർന്നു കോട്ടയം സി. എം. എസ്. കോളേജിലും ആലുവ യു. സി. കോളേജിലും ആയി വിദ്യാഭ്യാസം പൂർത്തീയാക്കിയ അദ്ദേഹം അന്ന് ഇന്ത്യയെ പിടിച്ചുലച്ചിരുന്ന സ്വാതന്ത്ര്യപ്രക്ഷോഭങ്ങളിൽ അതീവതൽപരനായിരുന്നു. സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തോട് അനുഭാവം പ്രകടിപ്പിക്കാൻ സി. എം. എസ്. കോളേജിൽ ഉപവാസമിരുന്ന ആ യുവാവിൽ സമൂഹത്തോടുള്ള പ്രതിബദ്ധത അന്നേ പ്രകടമായിരുന്നു.

ബാല്യകാലത്തു പിതാവിൽനിന്നു സുറിയാനി അഭ്യസിച്ച അദ്ദേഹം മഞ്ഞിനിക്കര ദയറായിലായിരുന്നു വൈദിക പഠനം നടത്തിയത്. സുറിയാനിയിലും, സംസ്കൃതത്തിലും, ഇംഗ്ലീഷിലും അഗാധപാണ്ഡിത്യം ഉണ്ടായിരുന്ന യുവവൈദികൻ സഭയിൽ ശ്രദ്ധേയനാകാൻ അധികം വൈകിയില്ല. വൈദീകനായിരിക്കെ, ആത്മീയ പ്രസ്ഥാനങ്ങൾക്കു നേതൃത്വം നൽകി, കണ്ടനാടു ഭദ്രാസനത്തിനു പുതിയ അധിപനെ തിരഞ്ഞെടുക്കേണ്ടിവന്നപ്പോൾ, പള്ളി പ്രതിപുരുഷയോഗം ആ സ്ഥാനത്തേക്കു നിയോഗിച്ചതു ഫാ. പി. ജെ. പൗലോസിനെ ആയിരുന്നു. പൗലൂസ് മോർ പീലക്സിനോസ് എന്ന പേരിൽ അദ്ദേഹത്തെ മെത്രാഭിഷേകം നടത്തിയത് സിറിയയിലെ ഹോംസിൽ വച്ച് പരിശുദ്ധ അഫ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായാണ്. ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവായെ വാഴിച്ചപ്പോൾ പ്രധാന കാർമികത്വം വഹിക്കാനുള്ള ഭാഗ്യം ശ്രേഷ്ഠ കാതോലിക്കാ ബാവായ്ക്കുണ്ടായി.

മെത്രാൻ സ്ഥാനം പൂമെത്തയല്ല, കഷ്ടതയുടെയും ത്യാഗത്തിന്റെയും പാതയാണെന്നു ശ്രേഷ്ഠ കാതോലിക്കാബാവായ്ക്ക് അന്നേ അറിയാമായിരുന്നു. മലങ്കരസഭ ആകമാന സുറിയാനിസഭയുടെ ഭാഗമാണെന്നും ആത്മീയാധികാരം പാത്രിയർക്കീസ് ബാവായ്ക്കാണെന്നുമുള്ള നിലപാടിൽ അദ്ദേഹം ഐക്യത്തിനായി ത്യാഗങ്ങൾ അനുഷ്ഠിച്ചു. 1958-ലെ സുപ്രീം കോടതിവിധിയെത്തുടർന്നു സഭയിൽ സമാധാനം പുനഃസ്ഥാപിതമായപ്പോൾ, ഔഗേൻ മോർ തീമോത്തിയോസ് സീനിയർ മെത്രാപ്പോലീത്ത ആയും മോർ പീലക്സിനോസ് സഹായമെത്രാനായും ഭദ്രാസനത്തിന്റെ ഭരണചുമതല നടത്തി. പിൽക്കാലത്തു സഭയിൽ പ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്തപ്പോൾ, സഭയുടെ അമരക്കാരനായി യാക്കോബായ സഭയുടെ പള്ളി പ്രതിപുരുഷയോഗം തെരഞ്ഞെടുത്തതു പൗലോസ് മോർ പീലക്സിനോസിനെ ആയിരുന്നു.

ആ ചരിത്രനിയോഗമാണ് ഇരുപതു വർഷത്തിലേറെയായി ശ്രേഷ്ഠ കാതോലിക്ക സ്തുത്യർഹമായി നിർവ്വഹിച്ചത്. സ്ഥാനമാനങ്ങൾ ആ ജീവിതശൈലിയിൽ മാറ്റം വരുത്തിയില്ല. സഭയിലെ മാത്രമല്ല, എല്ലാ വിഭാഗങ്ങളിലെയും ജനങ്ങളും ശ്രേഷ്ഠബാവായുടെ പ്രാർത്ഥനാജീവിതത്തെയും എളിമയെയും ഭക്ത്യാദരവോടെയാണു വീക്ഷിച്ചിരുന്നത്. ഇടവക ഭരണത്തിൽ നിയമത്തെക്കാൾ വാൽസല്യം നിറഞ്ഞ ശബ്ദത്തിനായിരുന്നു മുൻതൂക്കം. നയതന്ത്രചാതുര്യത്തിനോ, പാണ്ഡിത്യത്തിന്റെ പ്രകടനത്തിനോ മുതിരാതെ സ്നേഹത്തിലും ത്യാഗത്തിലും അധിഷ്ഠിതമായ ജീവിതം. ആഴവും പരപ്പുമുള്ള വായനയുടെ ഉടമകൂടിയായിരുന്നു അദ്ദേഹം.

ഒച്ചപ്പാടില്ലാത്ത പ്രവർത്തനശൈലിയിലൂടെ, ശ്രേഷ്ഠ കാതോലിക്ക, സഭയ്ക്കു ബഹുമുഖമായ പുരോഗതി നേടിക്കൊടുത്തു. ഉദയഗിരി സെമിനാരി സ്ഥാപിച്ചതു വഴി, സഭയിലെ വൈദിക വിദ്യാഭ്യാസത്തിനു ശക്തമായ അടിത്തറ പാകി. മൂവാറ്റുപുഴയിലെ അരമന നിർമാണം. പൂർത്തിയായതു ശ്രേഷ്ഠകാതോലിക്ക ബാവായുടെ ഭരണത്തിലാണ്. സഭയുടെ വളർച്ച വിദേശനാടുകളിലുമെത്തി. സാധു പെൺകുട്ടികൾക്കു വിവാഹസഹായമെത്തിക്കാനും അനാഥർക്കു കൈത്താങ്ങൾ നൽകാനും കഴിഞ്ഞതിനെ ജീവിതത്തിലെ ധന്യമുഹൂർത്തമായി കണ്ടു. മണ്ണിനോടുള്ള അടുപ്പം കൈവിടാതിരുന്ന അദ്ദേഹം ഇടവക സന്ദർശനവേളയിൽ കർഷകരുമായി പ്രശ്നങ്ങൾ ചർച്ച ചെയ്യുമായിരുന്നു.

സുറിയാനി ഭാഷയിൽ ശ്രേഷ്ഠ ബാവായ്ക്കു അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നു. വി. ഏവൻഗേല്യോൻ വായിക്കുമ്പോൾ സുറിയാനിയിൽനിന്ന് മൊഴിമാറ്റിയാണ് ബാവാ വായിച്ചിരുന്നത്. വടവാതൂർ അപ്പോസ്തോലിക് സെമിനാരിയിൽവച്ച് നടത്തിയ സുറിയാനി സമ്മേളനത്തിൽ ശ്രേഷ്ഠ ബാവാ രണ്ട് റമ്പാൻമാരാലാണ് അനുഗതനായി എത്തിയത്. അന്നവിടെ കൂടിയ കേരളത്തിലെ എല്ലാ സഭാമേലദ്ധ്യക്ഷന്മാരിൽനിന്നും വ്യത്യസ്തനായി ബാവാ. സമ്മേളനത്തിൽ പൂർണ്ണമായി സുറിയാനിയിൽ സംസാരിച്ചത് ബാവാ മാത്രമാണ്. ആരേയും ആകർഷിക്കുന്ന ഋഷിതുല്യമായ സൗന്ദര്യത്തിനുടമയായിരുന്നു ബാവാ. 133-ാം സങ്കീർത്തനത്തിൽ യഹോവയുടെ മധുര ഗായകനായ ദാവീദ് വർണ്ണിക്കുന്ന അഹറോന്റെ താടിപോലെ നീണ്ടതാടി ബാവായ്ക്ക് ഉണ്ടായിരുന്നു. ബാവാ മലേക്കുരിശ് ദയറായിൽ കബറടങ്ങിയിരിക്കുന്നു. ആ പുണ്യവാന്റെ കബറിടത്തിലക്ക് ആയിരങ്ങളാണ് വർഷം പ്രതി എത്തിച്ചേരുന്നത്. ശ്രേഷ്ഠബാവായുടെ

# സ്ലീബാ പെരുന്നാൾ

മനുഷ്യപുത്രന്റെ അടയാളം (മത്താ: 24.30) 1. മറുരൂപ പെരുന്നാളിനെ തുടർന്നുള്ള ഞായറാഴ്ചകൾ അവസാനിച്ചിരുന്നു. താബോറിന്റെ പ്രകാശത്തിൽ നാം രൂപാന്തരപ്പെട്ട് പ്രകാശിതരായിത്തീർന്നിരിക്കുന്നു. ഇപ്പോൾ ആ പ്രകാശത്തോടുകൂടി ക്രൂശിന്റെ അഥവാ ക്രൂശിക്കപ്പെട്ടവന്റെ അടുത്തേയ്ക്ക് നാം പ്രകാശിക്കുകയാണ്. പുനരുത്ഥാനത്തിന്റെയും സ്വർഗ്ഗാരോഹണത്തിന്റെയും പ്രകാശത്തിൽ ഈ ക്രൂശിക്കപ്പെട്ടവനെ നാം വീക്ഷിക്കുന്നില്ലെങ്കിൽ നമ്മുടെ തേജസ്സ് അസ്തമിച്ചു പോകും. ഈ ദിവസത്തിൽ നാം ക്രൂശിന്റെ മഹത്വവും തേജസ്സും അതോടൊപ്പം തന്നെ ക്രൂശിക്കപ്പെട്ടവന്റെ മാഹാത്മ്യം ദർശിക്കുന്നു.

2. ചരിത്രപരം

ക്രിസ്താബ്ദം 312-ൽ കുസ്തന്തീനോസ് ക്ളേറോസിന്റെ മകനായ കുസ്തന്തീനോസ് റോമാ ചക്രവർത്തി ആയിരിക്കുമ്പോൾ അയാളുടെ സ്യാലനായ മക്സിമിണാസ് യുദ്ധത്തിൽ വിജയിയാകുകയും അയാൾ റോമൻ സാമ്രാജ്യത്തിന്റെ ഏകാധിപതി ആയിത്തീരുകയും ചെയ്തു. അക്രൈസ്തവനും പരാജിതനുമായ കുസ്തന്തീനോസ് ദുഃഖത്തോടുകൂടി റോമിലെ ഒരു ദേവനെ ആരാധിക്കുവാൻ തുടങ്ങി. അങ്ങനെയിരിക്കവെ മദ്ധ്യാഹ്ന സമയത്ത് ഒരു മാലാഖ അദ്ദേഹത്തിന്റെ കൈയ്യിൽ ഒരു കുരിശുമായി പ്രത്യക്ഷപ്പെടുകയും ഈ അടയാളത്താൽ അങ്ങ് ജയിക്കുമെന്ന് അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു. കുസ്തന്തീനോസ് രാജാവ് ഇതിൽ വിശ്വസിക്കുകയും തന്റെ പതാകയിന്മേലും യുദ്ധസാമഗ്രികളിന്മേലും ഈ അടയാളം നിർമ്മിക്കുകയും യുദ്ധത്തിനു പുറപ്പെടുകയും ചെയ്തു. ഇതിനാൽ അദ്ദേഹത്തിന്റെ ശത്രുക്കൾ പരാജിതരാകുകയും ശത്രുസൈന്യങ്ങളെല്ലാം ടൈബർ നദിയിൽ മുങ്ങി മരിക്കുകയും ചെയ്തു. അതിനാൽ തനിക്കു കിട്ടിയ വിജയം യഥാർത്ഥ ദൈവത്തിൽ നിന്നാണെന്ന് രാജാവ് വിശ്വസിക്കുകയും, ക്രിസ്തുവിനെ അനുഗമിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ക്രിസ്താബ്ദം 313-ൽ താൻ ക്രിസ്ത്യാനികൾക്കെല്ലാം പൂർണ്ണസ്വാതന്ത്ര്യം നൽകുകയും റോം, അന്ത്യോഖ്യാ, യെരുശലേം എന്നിവിടങ്ങളിൽ ഭംഗിയായ ദൈവാലയങ്ങൾ പണിയുകയും 323-ൽ വി. മാമോദീസ ഏൽക്കുകയും ചെയ്തു. 326-ൽ ഒരു സ്വപ്ന പ്രകാരം തന്റെ മാതാവായ ഹെലനി രാജ്ഞി യരുശലേമിലേക്കു വരികയും കർത്താവിന്റെ കുരിശിനെക്കുറിച്ചു അന്വേഷിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി മാർച്ചുമാസം 3-നു 3 കുരിശുകൾ കണ്ടെത്തുകയും മരിച്ച ഒരാളെ ജീവിപ്പിച്ച അതിശയത്തിൽ കർത്താവിന്റെ ക്രൂശ് തിരിച്ചറിയുകയും അവിടുത്തെ ബിഷപ്പായിരുന്ന മക്കാറിയോസ് അവിടെ കൂടിയിരുന്ന ജനങ്ങളെ വി. ക്രൂശിനാൽ വാഴ്ത്തി അനുഗ്രഹിക്കുകയും കബർ ദൈവാലയത്തിൽ ഭദ്രമായി സൂക്ഷിക്കുകയും ചെയ്തു. ഹെലനി രാജ്ഞി മനോഹരമായി കബർ ദൈവാലയം പണിയിപ്പിച്ചിരുന്നു. ഏ. ഡി. 336 സെപ്റ്റംബർ 14-നു നാനാഭാഗങ്ങളിൽനിന്നു വന്നു ചേർന്ന ബിഷപ്പന്മാരുടെയും, വലിയൊരു ജനക്കൂട്ടത്തിന്റെയും സാന്നിദ്ധ്യത്തിൽ ആ കബർ ദൈവാലയം കൂദാശ ചെയ്യുകയും സാഘോഷം കുരിശുമരത്തെ ആഘോഷിച്ചു ബഹുമാനിച്ചു വന്ദിക്കുകയും ഓരോ എപ്പിസ്ക്കോപ്പയും കുരിശുമരത്തിൽനിന്നും ഓരോ ഭാഗം എടുക്കുകയും അവർ തിരിച്ചു പോകുന്നതിനു മുമ്പായി എല്ലായിടത്തും ഈ ദിനം ആഘോഷിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. കഷ്ടാനുഭവാഴ്ചയിലും, മറുരൂപപെരുന്നാളിലും കുരിശുമരത്തെ ആ പള്ളിയിൽവച്ച് ആഘോഷിക്കുകയും ചെയ്യുക പതിവായിരുന്നു. മറ്റു പള്ളികളിലും വെവ്വേറെ നിർമ്മിതമായ കുരിശുകൾ ഈ ഉപയോഗത്തിനായി ഉപയോഗിച്ചു വരുന്നു. ആകയാൽ ഈ വി. പെരുന്നാൾ ആഘോഷിക്കുമ്പോഴെല്ലാം വി. ക്രൂശ്, ഭൂത, വർത്തമാന, ഭാവികാലങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു. പ്രത്യേകിച്ച് കുസ്തന്തീനോസ് രാജാവിന്റെ വിജയവും, സ്ലീബായുടെ കണ്ടെത്തലും ഊർശ്ലേം ദൈവാലയത്തിന്റെ ശുദ്ധീകരണവും ആണ് ഈ ദിവസത്തിൽ നാം ആഘോഷിക്കുന്നത്.

3. കുരിശ് മൂന്നു കാലങ്ങളിൽ

1) കുരിശ് ഭൂതകാലത്തിൽ: ഏദനിലെ ജീവന്റെ വൃക്ഷം, യാക്കോബിനെ അനുഗ്രഹിക്കുന്ന കൈകൾ (ഉല്പ. 48:1, 50:20) മോശയുടെ വടി, പിച്ചളസർപ്പം, ദാവീദിന്റെ കവണയും കല്ലും, വി. ക്രൂശിനെ അനുസ്മരിപ്പിക്കുന്നു.

2) കുരിശു വർത്തമാനകാലത്തിൽ: കുരിശിനാൽ സഭയുടെ സകല വി. കൂദാശകളും ശുദ്ധീകരിക്കപ്പെടുകയും അതിനാൽ സകല അനുഗ്രഹങ്ങളും നൽകുകയും സാത്താനെ പരാജിതനാക്കുകയും സ്ലീബായെ ധ്യാനിച്ച് അതിന്മേൽ ക്രിസ്തുവിനെ കണ്ടുകൊണ്ട് ആഘോഷിക്കുകയും ചെയ്യുന്നു.

3) കുരിശ് ഭാവികാലത്തിൽ: സ്ലീബാ മനുഷ്യപുത്രന്റെ ഒരു ലക്ഷണമാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ രണ്ടാമത്തെ വര

(ശേഷം പേജ് 7-ൽ)

# യുവജന പ്രസ്ഥാനം മണർകാട് പള്ളിയിൽ

പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ യുവജന പ്രസ്ഥാനമായ യൂത്ത് അസോസിയേഷൻ 1968 മുതൽ മണർകാട് പള്ളിയിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. ഈ പ്രസ്ഥാനത്തിന്റെ കഴിഞ്ഞ കാലയളവുകളിലെ സംക്ഷിപ്ത വിവരണങ്ങൾ പൊതുജനസമക്ഷം സമർപ്പിക്കുന്നതിൽ അതിയായ സന്തോഷം ഉണ്ട്. പിന്നിട്ട വർഷങ്ങളിലേയ്ക്ക് തിരിഞ്ഞ് നോക്കുമ്പോൾ സർവ്വശക്തനായ ദൈവത്തിന്റെ കൃപയും മഹത്വവും അനുഭവിച്ചറിയുവാൻ സാധിച്ചു. യൂത്ത് അസോസിയേഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായ ആരാധന, പഠനം, സേവനം, സുവിശേഷഘോഷണം, വിശ്വാസസംരക്ഷണം എന്നിവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് അംഗങ്ങളുടെ കൂട്ടായ പ്രവർത്തനവും, സമർപ്പണവും മുഖാന്തിരം പ്രവർത്തനം മുന്നോട്ട് കൊണ്ടുപൊകുവാൻ സാധിക്കുന്നു. ഇത്രത്തോളം വഴിനടത്തിയ ദൈവത്തെ സ്തുതിക്കുന്നു. യൂത്ത് അസോസിയേഷന്റെ നേതൃനിരയിൽ പ്രവൃത്തിച്ചിട്ടുള്ള എല്ലാ വൈദീകരേയും അംഗങ്ങളെയും പ്രത്യേകം ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു.

1970-ൽ അഖില മലങ്കരാടിസ്ഥാനത്തിൽ നമ്മുടെ പള്ളിയിൽ നടത്തിയ യുവജന ക്യാമ്പ് അന്നത്തെ സഭാ അധികൃതരുടെയും പൊതുജനങ്ങളുടെയും പ്രശംസയ്ക്കു പാത്രമായി. 1971-ൽ മണർകാട് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നമ്മുടെ പള്ളിയിൽ ആദ്യമായി നടത്തിയ വി. ബി. എസ്. ഏറ്റവും വിജയപ്രദമായി. അതിനെ തുടർന്നാണ് ഇന്നു നമ്മുടെ പള്ളിയിൽ സുസംഘടിതമായി നടത്തപ്പെടുന്ന വി. ബി. എസ്-ന്റെ തുടക്കം. അന്നത്തെ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 20 പേരുമായി തുടങ്ങിയ വോളന്റീയർ കോർ ആയിരുന്നു. ഇന്നു നമ്മുടെ പള്ളിയിലെ എട്ടു നോമ്പു പെരുന്നാളിന്റെ നൂറിന്മേൽ അംഗസംഖ്യയുമായി പ്രശസ്ത സേവനം നടത്തുന്ന വോളന്റിയേഴ്സിന്റെ ആദ്യരൂപം. കൂടാതെ പരിശീലനം സിദ്ധിച്ച ഗായക സംഘത്തിന്റെ തുടക്കവും അന്നത്തെ അംഗങ്ങളിൽക്കൂടി ആയിരുന്നു. അന്നത്തെ യുവജന പ്രസ്ഥാനത്തിലെ പല അംഗങ്ങളും ഇന്നു സഭയെ നയിക്കുന്ന വൈദീകരായും രാഷ്ട്രീയ നേതാക്കന്മാരായും പൊതു പ്രവർത്തകരായും സേവനം അനുഷ്ഠിച്ചു വരുന്നു. 1990-ൽ യൂത്ത് അസോസിയേഷന്റെ അഖില മലങ്കര ക്യാമ്പ് ഈ പള്ളിയിൽവെച്ച് നടത്തപ്പെട്ടു. 1969-ൽ ഒരു കൈയ്യെഴുത്തുമാസിക പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. 1990-ൽ വന്ദ്യ ദിവ്യശ്രീ കുര്യാക്കോസ് വെട്ടിക്കുന്നേൽ അച്ചന്റെ ഓർമ്മയ്ക്കായി ഒരു സ്മരണിക പ്രസിദ്ധീകരിച്ചു. 2008 മുതൽ തുടർച്ചയായി സുറിയാനി ശബ്ദമെന്ന പേരിൽ എല്ലാമാസവും പത്രം പ്രസിദ്ധീകരിക്കുവാനും ദൈവം സഹായിച്ചു.

2005 മുതൽ യൂത്ത് അസോസിയേഷന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്ന ബഹു. കാലായിൽ കുറിയാക്കോസ് അച്ചന്റെയും 2005-ലെ സെക്രട്ടറി ബിനോയി തുരുത്തിയിലിന്റെയും നേതൃത്വത്തിൽ സ്തുത്യർഹമായ സേവനം ആണ് കാഴ്ചവച്ചത്. പിന്നീട് വന്ന സെക്രട്ടറിമാരായ ശ്രീ സുരേഷ് ജോൺ കൈപ്പള്ളിൽ, ശ്രീ. അരുൺ വി. അന്ത്രയോസ് വെള്ളാപ്പള്ളിൽ, ശ്രീ അലൻ വർഗീസ് വാലയിൽ , മറ്റ് കമ്മിറ്റി അംഗങ്ങൾ, യൂത്ത് അസോസിയേഷന്റെ എല്ലാമെല്ലാമായ പ്രവർത്തകർ ഇവരെല്ലാം വളരെ സ്തുത്യർഹമായ സേവനം കാഴ്ചവച്ചിരുന്നു. അവർക്ക് ദൈവത്തിന്റെയും ദൈവമാതാവായ വി. കന്യകമറിയാമിന്റെയും എല്ലാവിധ അനുഗ്രഹങ്ങളും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

യൂത്ത് അസോസിയേഷന്റെ പ്രവർത്തന വർഷം ജനുവരി മുതൽ ഡിസംബർ വരെയാണ്. എല്ലാവർഷവും പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും നേതൃത്വത്തിലുള്ള 15 അംഗ കമ്മിറ്റിയാണ് യൂത്ത് അസോസിയേഷന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നത്. തങ്ങൾക്ക് ചുറ്റുമുള്ള സമസൃഷ്ടികൾക്ക് തങ്ങളുടെ പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് വേണ്ട സഹായങ്ങൾ എത്തിച്ചു നൽകുവാൻ യൂത്ത് അസോസിയേഷന്റെ പ്രവർത്തകർ എപ്പോഴും സന്നദ്ധരാണ്. ഇടവകയുടെ നവീകരണ പ്രവർത്തനങ്ങളിൽ കാര്യമായ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സംഘടനയായ യൂത്ത് അസോസിയേഷൻ, എല്ലാവർഷവും മണർകാട് പള്ളി സന്ദർശിക്കുന്ന മഞ്ഞനിക്കര തീർത്ഥാടകർക്ക് സൗജന്യമായി നേർച്ച കഞ്ഞി നല്കി വരുന്നു. പള്ളിയിൽ എല്ലാവർഷവും നടത്തി വരുന്ന ക്രിസ്മസ് ആഘോഷത്തിന്റെ വിജയത്തിന് പിന്നിൽ ചുക്കാൻ പിടിക്കുന്നത് യൂത്ത് അസോസിയേഷൻ പ്രവർത്തകരുടെ പ്രവർത്തനമാണ്. ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി നടക്കുന്ന പൊതുസമ്മേളനത്തിൽ യൂത്ത് അസോസിയേഷൻ യഥാക്രമം തയ്യൽ മിഷ്യനുകൾ, വീൽച്ചെയറുകൾ, കൃത്രിമകാലുകൾ, ഭവന നിർമ്മാണത്തിനുള്ള ഫണ്ട്, വിദ്യാഭ്യാസ സഹായം എന്നിവ നൽകി വരുന്നു. 2005-ൽ മണർകാട് പള്ളിയിൽ വെച്ച് നടത്തിയ യൂത്ത് അസോസിയേഷന്റെ ദേശീയ വാർഷിക ക്യാമ്പ് വളരെ പ്രശംസയാർജ്ജിച്ചിട്ടുള്ളതാണ്. മലങ്കരയുടെ യാക്കോബ് ബുർദാന നി.വ.ദി. മ. ശ്രീ. ആബൂൻ മോർ ബസേലിയോസ് തോമസ് കാതോലിക്കാ ബാവയും അഭിവന്ദ്യ തിരുമേനിമാരും ഈ ക്യാമ്പിന് നേതൃത്വം നൽകിയ യൂത്ത് അസോസിയേഷനെ പ്രത്യേകം അഭിനന്ദിച്ചിട്ടുള്ളതാണ്.

കോട്ടയം ഭദ്രാസന യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പാണംപടി കാൽനട തീർത്ഥയാത്രയിലും പെരുമ്പള്ളി വാഹനതീർത്ഥയാത്രയിലും യൂത്ത് അസോസിയേഷൻ മണർകാട് യൂണിറ്റിലെ അംഗങ്ങൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നു.

ഈ അഞ്ചുവർഷത്തിനിടയ്ക്ക് തന്നെ ഹൈറേഞ്ച് മേഖലയിൽ യൂത്ത് അസോസിയേഷൻ അനേകം തവണ സൗജന്യ ഭക്ഷ്യവസ്ത്ര സഹായ ക്യാമ്പ്, മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തുകയുണ്ടായി. കുട്ടികളുടെ വിദ്യാരംഭത്തിനോടനുബന്ധിച്ച് വിദ്യാരംഭ ധ്യാനവും പഠനസാമഗ്രകളുടെ വിതരണവും പരീക്ഷയോടനുബന്ധിച്ച് പരീക്ഷാ ഒരുക്ക ധ്യാനവും നടത്തിവരുന്നു. നിരണം തുമ്പമൺ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായ അഭിവന്ദ്യ ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത വൈദീകനായിരുന്ന കാലത്ത് അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ നാലുന്നാക്കലിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി നടത്തുന്ന [illegible]തീരം സന്ദർശിക്കുകയും സംഭാവന കൈമാറുകയും അവരോട് ഒന്നിച്ച് ഉണ്ടായിരുന്ന ഓരോ നിമിഷങ്ങളും അംഗങ്ങൾക്ക് മറക്കാൻ കഴിയാത്തതാണ്. ഇതുകൂടാതെ കോട്ടയം അഭയ ഭവൻ, ശാന്തി ഭവൻ, അമയന്നൂർ ജ്യോതിർഭവൻ, മാങ്ങാനം മുണ്ടകപ്പാടം മന്ദിരങ്ങൾ, അരുവിക്കുഴിയിലെ റിട്രീറ്റ് സെന്റർ, മദർ തേരേസയുടെ മിഷനറീസ് ഓഫ് ചാരിറ്റിയുടെ കോട്ടയത്തുള്ള അനാഥ മന്ദിരം എന്നിവ പതിവായി സന്ദർശിക്കുകയും സംഭാവന നൽകുകയും ചെയ്തു.

യൂത്ത് അസോസിയേഷന് കഴിഞ്ഞ അഞ്ച് വർഷത്തിനിടയ്ക്ക് 3 ഭവനങ്ങൾ നിർമ്മിയ്ക്കുവാൻ സാധിച്ചു. തൃക്കുന്നത്ത് സെമിനാരി പ്രശ്നത്തിൽ പരിശുദ്ധ യാക്കോബായ സഭയ്ക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ച യൂത്ത് അസോസിയേഷൻ അംഗങ്ങൾ പോലീസിന്റെ മർദ്ദനത്തിന് ഇരായയവരാണ്. മഞ്ഞിനിക്കര തീർത്ഥയാത്രയോടനുബന്ധിച്ച് ഒരു ഫസ്റ്റ് എയ്ഡ് യൂണിറ്റ് നടത്തിവരുന്നു. മണർകാട് പള്ളിയിൽ വി.ബി.എസ്. പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പേനയും ശീതള പാനീയങ്ങളും നൽകുന്നു. ഈസ്റ്ററിനോടനുബന്ധിച്ച് ഈസ്റ്റർ മുട്ട, പള്ളിയിലെ നോമ്പ് ധ്യാനത്തിന് ആവശ്യമായ പാട്ടുപുസ്തകങ്ങൾ എന്നിവ നൽകുന്നതും യൂത്ത് അസോസിയേഷനാണ്. മാതാവിനോടുള്ള പ്രാർത്ഥനയുടെ ഫലമായി അനുഗ്രഹങ്ങൾ പ്രാപിച്ചിട്ടുള്ളവർ 1978 മുതൽ രേഖപ്പെടുത്തിയ അനുഭവ സാക്ഷ്യങ്ങൾ യൂത്ത് അസോസിയേഷന്റെ കൈവശമുണ്ട്. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന നി. വ. ദി. മ. മ. ശ്രീ. മോറാൻ മോർ ഇഗ്നാത്തിയോസ് സഖാപ്രഥമൻ പാത്രിയർക്കീസ് ബാവായുടെ മലങ്കര സന്ദർശന വേളയിൽ ഒരുദിനം ബാവായെ അനുഗമിച്ചതും പുത്തൻ കുരിശിൽ ബാവായെ സന്ദർശിച്ച് ഉപഹാരം നൽകിയതും പരിശുദ്ധ ബാവാ അംഗങ്ങളെ അനുഗ്രഹിച്ച് ആശീർവദിച്ചതുമാണ്. എട്ടുനോമ്പിനോടനുബന്ധിച്ച് ഭക്തജനങ്ങളുടെ സൗകര്യത്തെ പ്രതി ഗൈഡൻസ് സെന്ററും ഫസ്റ്റ് എയ്ഡ് യൂണിറ്റും നടത്തി വരുന്നു. മണർകാട് പള്ളിയിലെ ഓരോ വാർത്തയും എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതും പള്ളിയിൽ സൗജന്യമായി നൽകുന്നതുമായ കോലോ സുറിയോയോ (സുറിയാനി ശബ്ദം) എന്ന പ്രസിദ്ധീകരണത്തിലൂടെ ലോകം മുഴുവൻഎത്തിക്കുവാൻ സാധിക്കുന്നു. കൂടാതെ കോലോ സുറിയോയോ എന്ന പേരിൽ ഒരു സി. ഡി. യും പുറത്തിറക്കി. ഇത്രത്തോളം ഞങ്ങളെ വഴി നടത്തിയത് ദൈവത്തിന്റെയും ദൈവമാതാവായ വി. കന്യകമറിയാമിന്റെയും അനുഗ്രഹമാണ്. ഈ അനുഗ്രഹങ്ങൾക്കെല്ലാം നന്ദി പറഞ്ഞുകൊണ്ടും ദൈവസന്നിധിയിൽ അഭയപ്പെട്ടുകൊണ്ടും ഇനിയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ദൈവത്തിന്റെ അനുഗ്രഹം ഉണ്ടാകണമെന്നും പ്രാർത്ഥിക്കുന്നു.

ഏതൊരു സഭയുടെയും സമുദായത്തിന്റെയും ജീവസ്പന്ദനം നിലനിർത്തുന്ന ഭാവി വിധാതാക്കളെ വാർത്തെടുക്കുന്ന പ്രസ്ഥാനമാണ് യുവജനസംഘടനകൾ, നേർപാതകളിലൂടെ തിരിച്ചുവിട്ടാൽ അഗ്നിപോലെ പടർന്നു കയറുന്ന കർമ്മധീരതയുടെയും സുവർണ്ണ ശോഭ വിതറി നില്ക്കുന്ന സേവന തൽപരതയുടെയും സർവ്വോപരി ദൈവീകചൈതന്യത്തിന്റെ ഉറവിടമാകണം യുവജനങ്ങൾ.

1968 മുതൽ ഇന്നുവരെ ഈ പ്രസ്ഥാനത്തെ നയിച്ചവരെയും ഇന്നും നയിച്ചുകൊണ്ടിരിയ്ക്കുന്നവരെയും സ്നേഹപൂർവ്വം ഓർക്കുകയും അവരുടെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുകയും അവരുടെ പ്രയത്നങ്ങൾക്ക് ദൈവം സമൃദ്ധി യായി അനുഗ്രഹം പകരട്ടെ എന്നു ആശംസിക്കുകയും ചെയ്തു കൊണ്ട്. ഈ പ്രസ്ഥാനം ആരുടെ പേരിൽ നിലനില്ക്കുന്നുവോ ആ പരിശുദ്ധ അമ്മയുടെ പ്രാർത്ഥന നമുക്കു കോട്ടയാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് ഈ ഇടവകയിലെ യുവജനപ്രസ്ഥാനത്തിന്റെ പൂർവ്വചരിത്രത്തിന്റെ സംക്ഷിപ്ത വിവരണം ഇവിടെ നിർത്തട്ടെ.

# സ്ലീബാപെരുന്നാൾ

*(പേജ് 6-ൽ നിന്നും തുടർച്ച)*

വിങ്കൽ സ്ലീബാ മദ്ധ്യാകാശത്തിൽ പ്രത്യക്ഷപ്പെടുകയും വിശ്വാസികൾക്കു മഹിമയും അവിശ്വാസികൾക്കു ലജ്ജയും ആയിത്തീരുകയും ചെയ്യും.

4. കുരിശിലുള്ള യഥാർത്ഥ പ്രശംസ

യഹൂദർ ന്യായപ്രമാണത്തിലും ദൈവാലയത്തിലും, പുറജാതികൾ തത്വശാസ്ത്രത്തിലും സംസ്കാരത്തിലും പ്രശംസിക്കുന്നു. ഇവയെല്ലാം മായയാകുന്നു, കുരിശിലല്ലാതെ എനിക്കു പ്രശംസിപ്പാൻ ഇടയാകരുത്. എന്ന് വി. പൗലോസ് പറയുന്നു. (ഗലാ. 6:14). ക്രിസ്ത്യാനിയുടെ പ്രശംസ ക്രൂശിലാകുന്നു.

5. പ്രായോഗികം

ഇന്നു കുസ്തന്തിനോസിനോടും ഹെലനിയോടും സർവ്വസഭയോടും കൂടി നമുക്കും സന്തോഷിക്കാം. രാജാവിനുണ്ടായ വിജയം നമുക്കും ഉണ്ടാകണം. വളരെ താല്പര്യത്തോടുകൂടി കർത്താവിന്റെ ക്രൂശിനെ കണ്ടെത്തുവാൻ തന്റെ 80-ാമത്തെ വയസ്സിൽ ഇറങ്ങിത്തിരിക്കുകയും തന്റെ ഉത്സാഹത്തേയും സ്നേഹത്തേയും പ്രത്യക്ഷപ്പെടുത്തുകയും ചെയ്തതുപോലെ നാമും പ്രത്യക്ഷപ്പെടുത്തണം. യെരുശലേമിലേക്കു കുരിശിനെ അന്വേഷിച്ചു നാം പുറപ്പെടേണ്ട. എന്തെന്നാൽ കുരിശിക്കപ്പെട്ടവൻ നമ്മുടെ സമീപത്തുതന്നെയുണ്ട്. നമ്മുടെ ഹൃദയങ്ങളിൽ അദ്ദേഹത്തെ നിക്ഷേപിക്കണം. അങ്ങനെ കുരിശുവഴിയായും, കൂദാശകളുടെ അനുഭവങ്ങൾ വഴിയായും, ദിവ്യശുശ്രൂഷകളാലും അദ്ദേഹത്തെ നമുക്ക് അനുഭവപ്പെടുത്താം.

# കളിമണ്ണിന് ഒരു പകരക്കാരൻ

## "സിമോക്സ് ക്ലേ"




**ഇഷ്ടിക, ഓട്, ടൈൽസ്** എന്നിവ നിർമ്മിക്കുന്നതിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കളിമണ്ണിനു പകരം CMRL ഉത്പാദിപ്പിക്കുന്ന **ì സിമോക്സ് ക്ലേ î** ഉപയോഗിക്കാമെന്ന് തെളിഞ്ഞിരിക്കുന്നു.

**സിമോക്സ് ക്ലേ ഉപയോഗിക്കുന്നതിന്റെ പ്രത്യേക ഗുണങ്ങൾ**

കളിമണ്ണിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതുവഴി നെൽപ്പാടങ്ങൾ കുഴിക്കുന്നത് ഒഴിവാക്കാം.

നിർമ്മാണത്തിന് ആവശ്യമായ വെള്ളത്തിന്റെയും, വിറകിന്റെയും ഉപയോഗം കുറയ്ക്കുന്നതുമൂലം നിർമ്മാണച്ചിലവ് ഗണ്യമായി കുറയുന്നു.

സിമോക്സിന്റെ പ്രത്യേക ഘടന ഇഷ്ടികക്കും ഓടിനും കൂടുതൽ ബലവും, നിറവും, ഭംഗിയും നൽകുന്നു.

CMRL സിമോക്സ് ക്ലേയുടെ ഉൽപാദനം വാണിജ്യാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ളതുമൂലം ആവശ്യക്കാർക്ക് തുടർച്ചയായി നൽകുവാൻ കമ്പനിക്ക് സാധിക്കുന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് CMRL ഉത്പാദിപ്പിക്കുന്ന സിമോക്സ് ക്ലേ ഓട്, ഇഷ്ടിക നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

കേന്ദ്ര പരിസ്ഥിതി - വനംവകുപ്പ് നടത്തിയ പരിശോധനയിൽ CMRL ഉത്പാദിപ്പിക്കുന്ന സിമോക്സ് ക്ലേ പരിസ്ഥിതിക്ക് ഹാനികരമല്ലെന്ന് സർട്ടിഫൈ ചെയ്ത് ഉത്തരവിറക്കിയിട്ടുണ്ട്.

ഇതുപ്രകാരം ഇഷ്ടിക, ഓട്, നിർമ്മാണത്തിന് കമ്പനിയിൽനിന്നും സിമോക്സ് കൊണ്ടുപോകുന്നതിന് ജില്ലാ കളക്ടർ അനുമതിയും നൽകിയിരിക്കുന്നു.

കേന്ദ്രവാണിജ്യ വകുപ്പ് സിമോക്സ് ഉത്പന്നത്തിന്റെ നിർമ്മാണ വിപണനത്തിന് CMRL - ന് അനുമതി നൽകിയിട്ടുണ്ട്.

**സിമോക്സ് ഉപയോഗിച്ച കേരളത്തിലെ ഓട്, ഇഷ്ടിക നിർമ്മാതാക്കൾക്ക് ഇതിന്റെ സവിശേഷതയും, മേന്മയും ബോധ്യപ്പെട്ടിട്ടുണ്ട്.**

**ഓട്, ഇഷ്ടിക നിർമ്മാണങ്ങൾക്കായി സിമോക്സ് ക്ലേ ആവശ്യമുള്ള അംഗീകൃത നിർമാതാക്കൾ ബന്ധപ്പെടുക**

## കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടയിൽ ലിമിറ്റഡ്

മാർക്കറ്റിങ്ങ് ഡിപ്പാർട്ട്മെന്റ്, പി. ബി. നമ്പർ - 73, VIII/224 മാർക്കറ്റ് റോഡ്, ആലുവ - 683 101. Ph: 0484-2626789, e-mail: sachexim@vsnl.com, Fax: 0484 2625674

പ്രകൃതിയിൽനിന്നും, പ്രകൃതിയോടൊപ്പം, പ്രകൃതിയിലേക്ക് - CMRL ദൗത്യം





Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam